# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി-03)1649/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 21/12/2024
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി-03)1649/2024 തീയ്യതി: 21/12/2024

# തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2023 മുതൽ 24-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ഓഡിറ്റ് പരാമർശങ്ങൾ 29-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫിജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 25-11-2024 | 29-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2024 | 29-11-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.സുമിത ടി.എസ്.,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.സോന.കെ.സത്യൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.നില്ലൂഫർ ബി.ഐ.,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ധന്യ ദിലീപ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു രാധാകൃഷ്ണൻ | പ്രസിഡന്റ് | 01-04-2023 | 12-07-2023 |
| നിഷ അജിതൻ | പ്രസിഡന്റ് | 13-07-2023 | 31-03-2024 |
| കെബി മുഹമ്മദ് റഫീക്ക് | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ നിമിഷ ദാസ് | മെഡിക്കൽ ഓഫീസർ (FHC) | 01-04-2023 | 17-06-2023 |
| ഡോ ദേവി എൽ | മെഡിക്കൽ ഓഫീസർ (FHC) | 18-06-2023 | 31-03-2024 |
| നിഷ കെ എ | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 31-03-2024 |
| പ്രീതി സി ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഇന്ദു വിശ്വകുമാർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ആതിര പി സി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| മിനി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ഡോ. സൗമ്യ ബിമൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ. സൈദ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| രജില.പി.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കാര സർക്കിൾ) | 01-04-2023 | 01-12-2023 |
| പ്രശോഭ്.കെ.ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - ഇൻചാർജ്ജ് (കാര സർക്കിൾ) | 02-12-2023 | 31-03-2024 |
| ഷെഹീന.വി.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( എടവിലങ്ങ് സർക്കിൾ) | 01-04-2023 | 02-04-2023 |
| ശ്രീലക്ഷ്മി.വി.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( എടവിലങ്ങ് സർക്കിൾ) | 03-04-2023 | 13-10-2023 |
| പ്രശോഭ്.കെ.ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( എടവിലങ്ങ് സർക്കിൾ) | 14-10-2023 | 31-03-2024 |
| ഡോ.അരുൺ എം എം | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| സിനിമോൾ. എൽ. | ഡയറിഫാംഇൻസ്റ്റക്ടർ | 01-04-2023 | 31-03-2024 |
| ലീന തോമസ് | അസി ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2023 | 19-03-2024 |
| നീതു | അസി ഫിഷറീസ് സബ് ഇൻസ്പെക്ടർ | 20-03-2024 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | "Directly Debited By Bank" തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-1-3 |
| 5 | Directly Credited By Bank- 161488 രൂപ ഉൾപ്പെടുത്തി | 1-1-4 |
| 6 | ഒരേ അക്കൗണ്ട് രണ്ട് തവണ രേഖപ്പെടുത്തി | 1-1-5 |
| 7 | വസ്തു നികുതി റെസിഡൻഷ്യൽ - വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തുനികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം - വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വസ്തുനികുതി റെസിഡൻഷ്യൽ കുടിശ്ശിക - വാർഷികകണക്കും, ഡി.സി.ബി. | 1-1-8 |

| | | |
|---|---|---|
| | രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | |
| 10 | ലൈബ്രറി സെസ്സ് - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-9 |
| 11 | വസ്തുനികുതി മുൻകൂർ തുകകൾ പൊരുത്തമില്ല | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-11 |
| 13 | ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തി | 1-1-12 |
| 14 | ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ് | 1-1-13 |
| 15 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-14 |
| 16 | Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല | 1-1-15 |
| 17 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4,ബി -17 പൊരുത്തമില്ല | 1-1-16 |
| 18 | മുൻകൂർ തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-17 |
| 19 | ആസ്തികൾ തെറ്റായി റവന്യൂ ഹെഡ്ഡിൽ രേഖപ്പെടുത്തി | 1-1-18 |
| 20 | Capital Contribution-തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-19 |
| 21 | തൊഴിലുറപ്പ് - ചെലവ് തുകയിൽ വ്യത്യാസം | 1-1-20 |

| | | |
|---|---|---|
| 22 | അഡ്വാൻസ് തുക- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ഫണ്ട് വിനിയോഗം | 1-3 |
| 25 | പദ്ധതി അവലോകനം | 1-4 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 27 | ക്ഷേമപദ്ധതികൾ | 1-6 |
| 28 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 29 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 30 | വസ്തുനികുതി പരിഷ്കരണം- തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-9 |
| 31 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-10 |
| 32 | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ - ലൈസൻസ്, സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ടതാണ് | 1-11 |
| 33 | വാടക കെട്ടിടങ്ങൾ കീഴ്വാടകക്ക് നൽകി | 1-12 |
| 34 | സ്ഥാപനം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസന്റ് എടുത്ത് പ്രവർത്തിക്കേണ്ടതാണ് | 1-13 |
| 35 | ലൈബ്രറി ഉപയോഗ യോഗ്യമല്ലാത്ത പുസ്തകങ്ങൾ ലേലം ചെയ്യുന്നതിനുള്ള | 1-14 |

| | | |
|---|---|---|
| | നടപടികൾ സ്വീകരിക്കേണ്ടതാണ് | |
| 36 | കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് | 1-15 |
| 37 | വെതർ സ്റ്റേഷൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-16 |
| 38 | ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-17 |
| 39 | സദ്ഭരണ പദ്ധതി - തയ്യാറാക്കേണ്ടതാണ് | 1-18 |
| 40 | യഥാർത്ഥ ചെലവ് സുലേഖ എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റുമായി വ്യത്യാസപ്പെടുന്നു | 1-19 |
| 41 | മാലിന്യ നിക്ഷേപം- സി.സി.ടി.വി സ്ഥാപിച്ചിട്ടില്ല | 1-20 |
| 42 | മുൻകൂർ തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല | 1-21 |
| 43 | ലൈഫ്- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 44 | വാല്യുവേഷൻ റിപ്പോർട്ട് ഉറപ്പാക്കാതെ തുക അനുവദിച്ചു | 1-23 |
| 45 | ഭിന്നശേഷിക്കാർക്ക് ഹിയറിംഗ് എയ്ഡ് - വിതരണരേഖകൾ ഹാജരാക്കേണ്ടതാണ് | 1-24 |
| 46 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ - വിതരണം ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ് | 1-25 |
| 47 | അങ്കണവാടി പോഷകാഹാരം വാങ്ങൽ- രേഖകൾ ഹാജരാക്കിയില്ല | 1-26 |

| | | |
|---|---|---|
| 48 | വയോജനങ്ങൾക്ക് കട്ടിൽ -രേഖകൾ ഹാജരാക്കേണ്ടതാണ് | 1-27 |
| 49 | ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ - വിതരണ രേഖകൾ ഹാജരാക്കേണ്ടതാണ് | 1-28 |
| 50 | ചെലവ് തുകയുടെ കാലിത്തീറ്റ മുഴുവനായും വിതരണം ചെയ്തിട്ടില്ല | 1-29 |
| 51 | മഴക്കാല പൂർവ്വശുചീകരണത്തിന് തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല | 1-30 |
| 52 | കരാർ ചമച്ചിട്ടും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 1-31 |
| 53 | ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക തനത് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല | 1-32 |
| 54 | പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത ഉപകരണം നേരിട്ട് വാങ്ങി | 1-33 |
| 55 | ഹോമിയോ മരുന്ന് വാങ്ങൽ നോൺ അവൈയലബിലിറ്റി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിന് മുമ്പ് മരുന്ന് വാങ്ങാൻ തുക കൈമാറി | 1-34 |
| 56 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-35 |
| 57 | വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിച്ച തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ് | 1-36 |
| 58 | പാലിയേറ്റീവ് കെയർ അപാകങ്ങൾ | 1-37 |
| 59 | മൈക്രോപ്ലാൻ സമഗ്രമല്ല | 1-38 |

| | | |
|---|---|---|
| 60 | എസ് സി വിഭാഗത്തിന് ഹഡ്കോ വായ്പ അനുവദിച്ചിട്ടില്ല എസ് സി ഫണ്ടിന്റെ സ്രോതസ്സിൽ നിന്ന് തുക കുറവ് ചെയ്തു | 1-39 |
| 61 | മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകനം | 1-40 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്കു വേണ്ടി ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-1 |
| 2 | സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഓഡിറ്റ് വർഷത്തിൽ മുൻകൂർ നൽകിയതിൽ ഇനിയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 19.06.2024 തീയതിയിലെ 2(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.06.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം

പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന

കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി:21.12.2024**

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

**1-1-2 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1825867 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -677217 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച

സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 "Directly Debited By Bank" തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

"Directly Debited By Bank" എന്ന ഇനത്തിൽ 4525 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തി യിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് | തിയ്യതി | തുക |
|---|---|---|
| E PAYMENT- STATE BANK OF INDIA (37096791177) | 15.11.2022 | 555 |
| HEALTH GRANT DIAGNOSTICS INFRA CANARA (110042914213) | 28.3.2024 | 3970 |
| | ആകെ | 4525 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2023-24ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-1-4 Directly Credited By Bank- 161488 രൂപ ഉൾപ്പെടുത്തി

“Directly Credited By Bank” എന്ന ഇനത്തിൽ 161488 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| | തിയ്യതി | തുക |
|---|---|---|
| GPDP, SUCHITWA MISSION, AWARD FEDERAL BANK FE (13880200303964) | 30.1.2024 | 160000 |
| E PAYMENT- STATE BANK OF INDIA (37096791177) | 30.11.2023 | 1488 |
| | ആകെ | 161488 |

## 1-1-5 ഒരേ അക്കൗണ്ട് രണ്ട് തവണ രേഖപ്പെടുത്തി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 ൽ ഒരേ അക്കൗണ്ട് രണ്ട് തവണ താഴെ ചേർക്കും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

| കോഡ് | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|
| 450210105 | Treasury Account Of Covid | -630845 |
| 450210105 | Treasury-Covid-( 799012900000048) | 630845 |

ഈ അക്കൗണ്ടിന്റെ ലെഡ്ജറിൽ നീക്കിയിരിപ്പ് ഇല്ല. എന്നാൽ ബാങ്ക് ബുക്കിൽ 31.03.2024ൽ 630845 രൂപ നീക്കിയിരിപ്പ് ഉണ്ട്. ട്രഷറി സ്റ്റേറ്റ്മെന്റിൽ 30.03.24 ൽ ഈ തുക Debit ചെയ്ത് നീക്കിയിരിപ്പ് പൂജ്യം ആയിട്ടുണ്ട്. കൂടാതെ റീകൺസിലിയേഷൻ പത്രിക ലഭ്യമാക്കിയിട്ടില്ല.

## 1-1-6 വസ്തു നികുതി റെസിഡൻഷ്യൽ - വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി. രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>തൻവർഷം</u>

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1810840 | 1802241 | 9426 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1810840 | 1801423 | 2448 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | |

1. കളക്ഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.

## 1-1-7 വസ്തുനികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം - വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1083173 | 1081529 | 4210 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1083173 | 1079008 | 3181 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | |

1. കളക്ഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന

രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.

## 1-1-8 വസ്തുനികുതി റെസിഡൻഷ്യൽ കുടിശ്ശിക - വാർഷികകണക്കും, ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 6933 | 6933 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 6933 | 0 |
| | *(2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | |

വാർഷികകണക്ക് പ്രകാരം ഡിമാന്റ് ഇല്ല. എന്നാൽ 190100101- Prior Period Income-Property Tax

എന്ന അക്കൗണ്ട് പ്രകാരം 6933 രൂപയുടെ ഡിമാന്റ് സാങ്കല്പികമായി ജേണൽ വൗച്ചർ (V.No.42301366/31.03.24) മുഖേന വർദ്ധിപ്പിച്ചിരിക്കുന്നു.

## 1-1-9 ലൈബ്രറി സെസ്സ് - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 146799 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 147564 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 147456 രൂപയാണ്. (വൗച്ചർ 42301362/31-03-2024 & 42301374/31-03-2024).

## 1-1-10 വസ്തുനികുതി മുൻകൂർ തുകകൾ പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2024ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ | ശീർഷകം | ബാലൻസ്ഷീറ്റ് | സഞ്ചയ |
|---|---|---|---|

| നം. | | ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101- Advance Collection Of Revenues – Property Tax On Residential Building | 1475 | 402992 |
| 2 | 350410104- Advance Collection Of Revenues – Property Tax On Non-Residential Building | 2521 | 56205 |

## 1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-12 ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തി

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വസ്തു നികുതി ഇനങ്ങളുടെയും കെട്ടിടങ്ങളിൽ നിന്നുള്ള വാടകയുടെയും ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നം. | വരുമാന ശീർഷകം | ഡിമാന്റ് തുക | വൗച്ചർ നം./ തീയതി |
|---|---|---|---|
| 1 | 130100101-Rent From Building | 1,912,882 | 42301393/31-03-2024 |
| 2 | 10100101-Property Tax On Residential Buiding | 1,810,840 | 42301360/31-03-2024 |

| | | | |
|---|---|---|---|
| 3 | 10100102-Property Tax On Non Residential Buiiding | 1,083,173 | 42301361/31-03-2024 |

## 1-1-13 ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-14 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് (കൈ) 152/2011 /ത.സ്വ.ഭ.വ. തീ.26/7/2011 പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങൾ, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-15 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) എന്നിവ പ്രകാരം താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18 & I-19) | 31/3/2024ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income | -1677 |

| | |
|---|---|
| -Property Tax | |
| 290800101-Prior Period Expenses-Establishment Expenses | 30995 |
| 290800701-Prior Period Expenses-Miscellaneous Expenses | -10881 |

## 1-1-16 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4,ബി -17 പൊരുത്തമില്ല

A) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4/ ബി -2 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/24ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/24 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 / ബി -2 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320100202 | Grant For Specific Purpose-Health Grant Towards | 85688 | 450210101 | Health Grant Diagonostic Infra Canara (110042914213) | 89658 |

| | | | | | | |
|---|---|---|---|---|---|---|
| | | Support For Diagnostic Infrastructure To The PHcs | | | | |
| 2 | 320200104 | CFC-Basic Tax Grant | 1512503 | 450210101 | CFC-Federal Bank(13880100260553) | 2420100 |
| 3. | 320200113 | CFC-Tied Fund | 904322 | | | |
| 4 | 320100105 | Awards And Honours-Central Government | 20000 | 450210101 | Federal Bank (13880200303964) | 70000 |
| 5 | 320700104 | Contributions For Joint Venture Projects (For Capital Expenditure) - Block Panchayat | 450 | 450210201 | JOINT VENTURE A/C-(799011400001338) | 0 |
| 6 | 320700105 | Contributions For Joint Venture | 25952 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | Projects (For Capital Expenditure) -District Panchayat | | | | |
| 7 | 320700204 | Contributions For Joint Venture Projects (For Revenue Expenditure) -Block Panchayat | 432419 | | | |
| 8 | 320700205 | Contributions For Joint Venture Projects (For Revenue Expenditure) -District Panchayat | 613613 | | | |
| 9 | 311100101 | Panchayath Distress Relief Fund | 1465 | 450210102 | Distress Relief Fund KTCB(110353000001553 | 1390 |

B) താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|
| 450210102 | EMS TDCB - DISTRICT CO-OPERATIVE BANK-( 10707032458) | 18280 |

## 1-1-17 മുൻകൂർ തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പാക്കിയ പ്രോജക്ട് നം.29/2024 (ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ) എന്ന പദ്ധതിയിൽ 400000 രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ നം. | ഫണ്ട് | വൗച്ചർ നം | തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|---|
| 1 | Maintenance Fund Non-Road Assets | 42301070/ 25-11-2023 | 400,000.00 | 251110208- Medical Institution- Homoeo-Purchase Of Medcines In Health Institutions |

2024-25 സാമ്പത്തിക വർഷത്തിലാണ് 221736 രൂപയുടെ മരുന്ന് ലഭ്യമായിട്ടുള്ളത്. തുക മുൻകൂറായി നല്കിയിട്ടുള്ളതിനാലും 31/3/24 ൽ മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ലാത്തതിനാലും മുൻകൂർ നല്കിയത് ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് ആയത് കണക്കിൽ ഉചിതമായ "ക്രമീകരിക്കാനവശേഷിയ്ക്കുന്ന മുൻകൂർ-460500501" എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും തുക തെറ്റായി ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തി.

## 1-1-18 ആസ്തികൾ തെറ്റായി റവന്യൂ ഹെഡ്ഡിൽ രേഖപ്പെടുത്തി

താഴെ ചേർക്കുന്ന പ്രോജക്റ്റുകളിൽ പ്രവൃത്തികളുടെ ചെലവ് തുക തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തിയതിനാൽ തത്തുല്യ തുകക്കുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാതെ പോകാൻ ഇടയാക്കി. വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | വൗച്ചർ നം. | തുക | ഫണ്ട്/ചെലവ് രേഖപ്പെടുത്തിയ ശീർഷകം |
|---|---|---|---|
| 185 /24 -Installation Of CCTV Where Waste Is Likely To Be Deposited | 42301239/ 25-03-2024 | 195,258 | **Development Fund - General /251130810 \| Solid Waste Management - Monitoring** |
| 185 /24 | 42300793/ | 195,258 | Own |

| | | | |
|---|---|---|---|
| -Installation Of CCTV Where Waste Is Likely To Be Deposited | 1.3.2024 | | Fund/251130102 \| Public Programmes-Despatch The Wastes To Processing Places |
| 65/24 FHC Solar Plant Non Conventional Energy (Public)-Solar Panel | 42301141/ 08-02-2024 | 393,800 | Maintenance Non Road/ 251190001-Non Conventional Energy (Public)-Solar Panel |

## 1-1-19 Capital Contribution-തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

പ്രോജക്ട് നം. 206/24-സ്വച്ഛ് ഭാരത് മിഷൻ സുനാമി കോളനിയിൽ എയ്റോബിക് കമ്പോസ്റ്റ് പിറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട് 375149 രൂപ, CFC ടൈഡ്- 160779 രൂപ എന്നിങ്ങനെ ചെലവുണ്ട്. 312100211 -Capital Contribution CFC Tied Fund എന്ന ശീർഷകത്തിൽ 160779 രൂപ ഉൾപ്പെടുത്തേണ്ടതിനു പകരം 148500 രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം വന്ന 12279 രൂപ Capital Contribution -Swach Bharat Abhiyan (Rural & Urban) -312100174 എന്ന ശീർഷകത്തിൽ തെറ്റായി ഉൾപ്പെടുത്തി.

## 1-1-20 തൊഴിലുറപ്പ് - ചെലവ് തുകയിൽ വ്യത്യാസം

തൊഴിലുറപ്പ് പദ്ധതി വിഭാഗം ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള ആകെ ചെലവ് 20878579 രൂപയും വാർഷികകണക്ക് പ്രകാരമുള്ള ചെലവ് 20878778 രൂപയുമാണ്. 199 രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-1-21 അഡ്വാൻസ് തുക- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ നീക്കിയിരിപ്പുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Advance To Implementing Officers | 850261 |
| 2 | Advance To Kerala Water Authority | 2346546 |
| 3 | Advance To KSEB | 1687377 |
| 4 | Advance To Others | 36800 |

വിവിധ നിർവഹണ ഏജൻസി/നിർവഹണോദ്യോഗസ്ഥർക്ക് അഡ്വാൻസായി നല്കിയിട്ടുള്ള മേൽ തുകകൾ റീക്കൂപ്പ് ചെയ്തിട്ടുള്ളതിന്റെയും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. (ഓഡിറ്റ് അന്വേഷണം നം. 27/29.11.2024). അഡ്വാൻസ് തുകകൾ പരിശോധിച്ച് ആവശ്യമായ

തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 27-03-2023 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 203583371 | 201390310 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 12-02-2024<br>2 | |
| കമ്മിറ്റി തീരുമാനം | | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 224970343 | 221873325 |

ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥാപനത്തിനുണ്ടായേക്കാവുന്ന ചെലവുകളുടെയും വരവുകളുടെയും ഇനം തിരിച്ചുള്ള സംക്ഷിപ്തമാണ് ബഡ്ജറ്റ്. സാമ്പത്തിക ആസൂത്രണത്തിന് ഒരു സ്ഥാപനത്തിന് ആശ്രയിക്കാവുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണത്. സാമ്പത്തിക അച്ചടക്കം കൈവരിക്കുന്നതിൽ ബഡ്ജറ്റിന്റെ സ്വാധീനം വലുതാണ്. സ്ഥാപനത്തിന്റെ വിവിധ ചെലവുകൾക്ക് ലക്ഷ്യങ്ങൾക്കനുസൃതമായ

മുൻഗണന നൽകി സാമ്പത്തിക സ്ഥിതി നേരായവിധത്തിൽ നിയന്ത്രിക്കുന്നതിന് ബഡ്ജറ്റ് സഹായിക്കുന്നു.

ഓഡിറ്റ് വേളയിൽ ഹാജരാക്കിയ ബജറ്റ് ഫയലിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിക്കാത്തതിനാൽ ആവശ്യകത വിലയിരുത്തുന്നതിനോ ബജറ്റ് രൂപീകരണത്തിൽ നിയമത്തിൽ അനുശാസിക്കുന്ന നടപടികൾ എടുത്തിരുന്നോ എന്ന് പരിശോധിക്കുന്നതിനോ സാധിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിലുള്ള മറുപടി/വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 03/26.11.2024) നൽകി.

1) 17.02.2023ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ രണ്ടാം നമ്പർ തീരുമാനപ്രകാരമാണ് നികുതി, നികുതിയേതര വരുമാനങ്ങൾ, ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ, ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഓരോ വർഷവും ജനുവരി 15 -ാംതിയ്യതിക്ക മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് (കേരള പഞ്ചായത്ത് രാജ് ആക്ട്, 1994, സെക്ഷൻ 175 പ്രകാരം തയ്യാറാക്കേണ്ടതായ വികസനപദ്ധതികളുടേതുൾപ്പെടെയുള്ള) സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

2) ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ട വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും ലഭിച്ചതിന് രേഖകളൊന്നും ലഭ്യമല്ല.

3) അതതു വർഷത്തെ വരവുകളുടെ മതിപ്പ് കണക്കാക്കുമ്പോൾ മുൻവർഷത്തേതിൽ നിന്നും പ്രത്യക്ഷ വ്യതിയാനങ്ങളുണ്ടെങ്കിൽ വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും സമർപ്പിക്കണമെന്ന് കേരള പഞ്ചായത്ത് രാജ് ആക്ട്, 1994, സെക്ഷൻ 214 (3) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത്

തയ്യാറാക്കിയതിന് രേഖകളൊന്നും ഹാജരാക്കിയില്ല.

4) ബഡ്ജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ അതിന്റെ പകർപ്പ് സർക്കാരിനും സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്കും ഓഡിറ്റർമാർക്കും നൽകണമെന്ന വ്യവസ്ഥ (കേരള പഞ്ചായത്ത് രാജ് ആക്ട്, 1994, സെക്ഷൻ 214 (7))പാലിക്കുന്നില്ല.

ബന്ധപ്പെട്ട നിയമ നിഷ്കർഷകൾ പാലിച്ചുകൊണ്ട് സാമ്പത്തിക ആസൂത്രണത്തിന് സഹായകമാകുന്ന തരത്തിൽ ബഡ്ജറ്റ് രൂപീകരിക്കേണ്ടതാണ്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 0 | 18126000 | 18126000 | 17887246 | 238754 |
| വികസന ഫണ്ട്-എസ്.സി.പി (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 0 | 3239000 | 3239000 | 2754961 | 834933 |
| മെയിന്റനൻസ്, | 0 | 7544000 | 7544000 | 941788 | 6602212 |

| | | | | | |
|---|---|---|---|---|---|
| റോഡ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 0 | 3742000 | 3742000 | 3705065 | 36935 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) ടൈഡ് ഫണ്ട് | 1331062 | 2251000 | 3582062 | 2677740 | 904322 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) ബേസിക് ഗ്രാന്റ് | 1256827 | 3001000+68599 = 3069599 | 4326426 | 2813923 | 1512503 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 0 | 8694 | 8694 | 8694 | 0 |
| ദുരിതാശ്വാസനിധി | 1257 | 158 | 1415 | 25 | 1390 |
| ശുചിത്വ മിഷൻ | 1166870 | 10000 | 1176870 | 0 | 1176870 |
| ICDScheme | 570744 | 1341202 | 1911946 | 1091410 | 820536 |
| SBM PHASE II | 0 | 573729 | 573729 | 573729 | 0 |
| ICDSERVICE | 0 | 50000 | 50000 | 44984 | 5016 |
| Beneficiary Contribution | 2430411 | 1421520 | 3851931 | 1461855 | 2390076 |
| MGNREGS | 648145 | 547144 | 1195289 | 1195289 | 0 |
| Health Grant(Diagnostic Infra) | 81344 | 817405 | 898749 | 813061 | 85688 |
| Health Grant (Conversion HWCs) | 1141 | 349294 | 350435 | 141545 | 208890 |
| Awards And Honours | 520000 | 0 | 520000 | 500000 | 20000 |
| Disaster Management | 0 | 100000 | 100000 | 0 | 100000 |
| Grants , Funds, Contributions For | 36653 | 0 | 36653 | 0 | 36653 |

| | | | | | |
|---|---|---|---|---|---|
| Specific Purposes | | | | | |
| Life Mission(state Share) | 1500000 | 4100000 | 5600000 | 1480000 | 4120000 |
| Library Grant | 8875 | 0 | 8875 | 0 | 8875 |
| Other Liability | 190802 | 0 | 190802 | 0 | 190802 |
| Vimukthi | 5670 | 0 | 5670 | 0 | 5670 |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി, എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വരവിൽ പലിശ, മുന്നിരിപ്പ് എന്നിവ ഇല്ല , ഇവ കൂടി ഉൾപ്പെടുത്തിയാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.

ദീർഘകാലമായി ചെലവഴിക്കാത്ത ഗ്രാന്റുകൾ ആവശ്യമില്ലാത്തപക്ഷം ലഭ്യമായ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| | അംഗീകാരം | അംഗീകരിച്ച | നടപ്പാക്കിയത് | നടപ്പാക്കിയ | നടപ്പാക്കിയ | നടപ്പാക്കിയ |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ തുക | (എണ്ണം) | പദ്ധതി ചെലവ് തുക | പദ്ധതിത്തുകയുടെ ശതമാനം | പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 179 | 194187089 | 133 | 42883484 | 22% | 74% |

കുറിപ്പ്

ആസൂത്രണം ചെയ്ത വാർഷിക പദ്ധതികളുടെ ആകെ അടങ്കൽ തുകയുടെ 22% തുക മാത്രമേ തൻവർഷം വിനിയോഗിക്കാനായുള്ളൂ. ലഭ്യമാകാവുന്ന ഫണ്ടിനനുസൃതമായി വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്ത് അതത് വർഷം തന്നെ പദ്ധതി പൂർത്തീകരണ ലക്ഷ്യം പൂർണമായി നേടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. യാഥാർത്ഥ്യബോധത്തിലൂന്നിയ പദ്ധതി ആസൂത്രണത്തിനും കാര്യക്ഷമമായ നിർവ്വഹണത്തിനും പ്രധാന്യം നൽകേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 648145 | 547144 | 1195289 | 1195289 | ഇല്ല |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | ഇല്ല | 19683290 | 19683290 | 19683290 | ഇല്ല |
| മെറ്റിരീയൽ കോസ്റ്റ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആകെ | 648145 | 20230434 | 20878579 | *20878579 | ഇല്ല |

*അപാകത ഖണ്ഡിക 1-1-20 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-6 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 1586400 | 142 |
| വിധവാ പെൻഷൻ | 10196500 | 987 |
| വാർദ്ധക്യകാല പെൻഷൻ | 17936200 | 1848 |
| വികലാംഗപെൻഷൻ | 3429200 | 310 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 662400 | 64 |
| വിധവകളുടെ | *120000 | 3 |

| | | |
|---|---|---|
| പെൺമക്കൾക്കുള്ള വിവാഹധനസഹായം | | |

*വാർഷികകണക്ക് പ്രകാരം ശീർഷകം – 254200108 ൽ രേഖപ്പെടുത്തിയിട്ടുള്ള 120000 രൂപയിൽ 30000 രൂപ തൻവർഷം സർക്കാരിലേക്ക് തിരികെ പോയിട്ടുള്ളതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2024 തീയതിയിൽ 3:00 PMന് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബുക്ക് പ്രകാരം 73,449 രൂപയാണ് ക്ലോസിംഗ് ബാലൻസ് ആയി കണ്ടത്. 12.07.2012ൽ പഞ്ചായത്തിൽ നിന്നും 71000 രൂപ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട് (ഫയൽ നം. A2/71/11). പരിശോധനയിൽ 73,449 രൂപയിൽ 71,000 രൂപ കിഴിച്ച്, ബാക്കി 26.11.2024 ലെ ഡേബുക്ക് പ്രകാരമുള്ള തുകയായ 2449 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 വസ്തുനികുതി പരിഷ്കരണം- തുടർനടപടികൾ അറിയിക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി

നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023ലെ ജി.ഒ(പി)77/2023/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 10 പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വരുന്ന മാറ്റം, കെട്ടിട ഉടമ പഞ്ചായത്തിൽ അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്നകാലം മുതൽ പ്രാബല്യത്തിൽ നികുതി പുന:നിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പ് പൂർത്തീകരിക്കേണ്ടതുമാണ്.ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിലേയ്ക്കായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ. സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യത ഉള്ളവരെ നിയോഗിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പറിന് പരമാവധി 30 രൂപ വീതം തനതുഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 20.07.23 തീയതിലെ ഭരണസമിതി യോഗം തീരുമാനം 11 പ്രകാരം വസ്തു നികുതി പരിഷ്കരണം - ഫീൽഡ് സർവ്വേ, ഡാറ്റ എൻട്രി എന്നിവ നടത്തുന്നതിന് ഒരു വാർഡിന് 2 ആളുകൾ എന്ന നിലയിൽ നിശ്ചിത യോഗ്യതയുള്ള വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നതിനും ആയതിൽ അതാത് വാർഡുകളിൽ നിന്നുള്ളവർക്ക് മുൻഗണന നൽകുന്നതിനും തീരുമാനിച്ചതായി കാണുന്നു.മേൽ ഉത്തരവിന്റെയും/തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ വസ്തുനികുതി പുന:നിർണ്ണയിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/20.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

അനധികൃത നിർമ്മാണങ്ങൾ, കൂട്ടി ചേർക്കൽ നടത്തിയ കെട്ടിടങ്ങൾ എന്നിവ കണ്ടെത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി വസ്തുനികുതിയിനത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-10 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗിലെ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് |
|---|---|
| 1. | രാജീവ്.വി.ഡി |
| 2. | തബ്സീർ |

| | |
|---|---|
| | റഹ്മാൻ.സി.എൻ |
| 3. | അസ്ഹർ.കെ.എ |
| 4. | രാഹുൽ.സി.ആർ |
| 5. | റിഷിൻ.കെ.എ |
| 6. | ഷാജി.എസ്.എസ് |
| 7. | ബൈജു.വി.എസ് |
| 8. | ടിൻസി ക്ലീറ്റസ് |
| 9. | സിജിൽ കമാർ.ഇ.ജി |
| 10. | രഞ്ജിത്ത്.ടി |
| 11. | റഫീക്ക്.വി.എച്ച് |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തുക ഈടാക്കുകയോ അഥവാ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുകയോ ചെയ്യുണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 13/20.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കരാറുകാരിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ - ലൈസൻസ്, സ്ഥാപന

## തൊഴിൽ നികുതി അടവാക്കേണ്ടതാണ്

ലൈസൻസ് രജിസ്റ്റർ, വാടക രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 2023-24 വർഷം ലൈസൻസ് എടുത്തതായോ പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായോ കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനത്തിന്റെ/ സ്ഥാപന ഉടമയുടെ പേര് |
|---|---|---|
| 1. | 4/447 | ജയചന്ദ്രൻ |
| 2. | 4/448 | റഹ്മത്തുള്ള |
| 3. | 4/449 | അനിൽകുമാർ |
| 4. | 4/450 | ബിന്ദു സിദ്ധാർത്ഥൻ |
| 5. | 4/452 | നാരായണൻ |
| 6. | 4/458 | ഹനീഫ |

| | | |
|---|---|---|
| 7. | 4/462 | മോഹനൻ |
| 8. | 8/53-A | വേണു |
| 9. | 8/38,39 | പ്രസന്നൻ |
| 10. | 8/40 | അബ്ദുൾ സലാം |
| 11. | 8/41 | സത്യഭാമ |
| 12. | 8/42 | സുധീരൻ |
| 13. | 8/43 | അബ്ദു |
| 14. | 8/44 | സുഹറ |
| 15. | 8/45 | നൂർജഹാൻ |
| 16. | 8/46 | അബ്ദുൾ കാദർ |
| 17. | 8/56 | ഗീത ഹരിദാസ് |
| 18. | 8/57 | ഗീത ഹരിദാസ് |
| 19. | 8/55-A | ചെയർമാൻ, കോക്കനട്ട് |

| | | |
|---|---|---|
| | | പ്രൊഡ്യൂസേഴ്സ് |
| 20. | 8/55-C | അരുൺ |
| 21. | 8/55-D | ജിഷ |
| 22. | 8/55-I | ഉമേഷ് |
| 23. | 8/53-D | താജുദ്ധീൻ |
| 24. | 8/53-E | സുധീർ |
| 25. | 8/53-H | സുധീർ |
| 26. | 8/53-I | നിയാസ് |
| 27. | 8/53-J | സീനത്ത് |
| 28. | 8/53-L | 1. റഹ്മത്തുള്ള 2. ഷിഹാബ് |
| 29. | 8/53-M | ഭഗത്സിംഗ് കൾച്ചറൽ സൊസൈറ്റി |
| 30. | 10/477 | സജീവൻ |

| | | |
|---|---|---|
| 31. | 8/53-O | റഷീദ് |
| 32. | 8/53-S | 1. റഹ്മത്തുള്ള 2. ഷിഹാബ് |
| 33. | 8/53-T | അബ്ദുള്ള |

അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.17/28.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-12 വാടക കെട്ടിടങ്ങൾ കീഴ്വാടകക്ക് നൽകി

വാടക കരാർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഒരേ കെട്ടിട നമ്പറുള്ള സ്ഥാപനങ്ങൾക്ക് വാടക കരാർ പ്രകാരമുള്ള പേരും, ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള പേരും വ്യത്യസ്തമായാണ് കാണുന്നത്. ഉദാഹരണമായി

| ക്രമ നം. | കെട്ടിട നം. | വാടക കരാർ പ്രകാരമുള്ള | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള പേര് | ലൈസൻസ് നം. |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | പേര് | | |
| 1 | 4/451 | ശശിധരൻ | അശോകൻ.കെ.വി | JC2/45/1425/ 2023/2023-24 |
| 2 | 8/53 | സുധീർ | ഗീത ഹരിദാസ് | JC2/154 /1064/ 2024/2024-25 |
| 3 | 8/54 | നിസാർ | ഗീത ഹരിദാസ് | JC2/154 /1064/2024 /2024-25 |
| 4 | 8/55 B | നിഷ്മ അരുൺ | കവിത | C2/192 /1536/2024 /2024-24 |

പഞ്ചായത്തിന്റെ അറിവും സമ്മതവും കൂടാതെ വാടക മുറി യാതൊരാൾക്കും കൈമാറ്റം ചെയ്യില്ലെന്ന് വാടക കരാറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ വിശദാംശങ്ങളിൽ നിന്നും കീഴ്‌വാടകക്ക് നൽകിയതായാണ് വ്യക്തമാകുന്നത്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/27.11/24) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 സ്ഥാപനം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസന്റ് എടുത്ത്

**പ്രവർത്തിക്കേണ്ടതാണ്**

ലൈസൻസ് രജിസ്റ്ററും, അപേക്ഷകളും പരിശോധിച്ചതിൽ സന്ദീപ് ആർ.പി യുടെ ഉടമസ്ഥതയിൽ ഉള്ള നിറം പ്രിന്റിംങ്ങ്, കാര എന്ന സ്ഥാപനം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസന്റ് വാങ്ങാതെയാണ് പ്രവർത്തിക്കുന്നതെന്ന് കാണുന്നു. ടി സ്ഥാപനം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള കൺസന്റ് എടുത്തതിന്റെ തുടർവിവരം ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് ( നം. 33 തിയതി. 29.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. 1996 ലെ-കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 12 ഉപചട്ടം 5 പട്ടിക V പ്രകാരം സ്ഥാപനങ്ങൾ ക്ലിയറൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്.

**1-14 ലൈബ്രറി ഉപയോഗ യോഗ്യമല്ലാത്ത പുസ്തകങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**

ലൈബ്രറിയിൽ 70 വർഷത്തിലധികം പഴക്കമുള്ളതും ഉപയോഗയോഗ്യമല്ലാത്തതുമായ സ്റ്റോക്ക് രജിസ്റ്ററുകളും വായനയ്ക്ക് യോഗ്യമല്ലാത്തതുമായ പുസ്തകങ്ങളും ഉള്ളതിനാൽ വായനയ്ക്ക് യോഗ്യമല്ലാത്ത പുസ്തകങ്ങൾ മാറ്റി പുതിയ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ലൈബ്രേറിയനെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു (24.2.2024 ലെ 9(1) നമ്പർ തീരുമാനം). മേൽ തീരുമാനപ്രകാരം രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ട്. ലൈബ്രറിയിൽ ഉപയോഗയോഗ്യമല്ലാത്ത ബുക്കുകളുടെ രജിസ്റ്റർ പ്രകാരം 3060 ബുക്കുകളും പുതിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 6584 പുസ്തകങ്ങളും ഉണ്ട്. ഓഡിറ്റ് ടീം ലൈബ്രറി സന്ദർശിച്ചപ്പോൾ ഏറെ വർഷങ്ങൾ പഴക്കമുള്ള ന്യൂസ്

പേപ്പറുകളും ആനുകാലികങ്ങളും ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. പഴക്കം ചെന്ന ന്യൂസ് പേപ്പറുകളും ആനുകാലികങ്ങളും, ഉപയോഗയോഗ്യമല്ലാത്ത 3060 ബുക്കുകളും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം. 26/29.11.2024).

## 1-15 കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്

19-04-22 ലെ സ. ഉ. 84/2022/ത സ്വ ഭ വ പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ 7.3പ്രകാരം കാലാവസ്ഥാവ്യതിയാനം മൂലം കേരളത്തിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിയ്ക്കുന്നതിനും ഓരോ തദ്ദേശ സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി ഭൂപ്രകൃതി, ജന പ്രകൃതി, സാമ്പത്തികവ്യവസ്ഥ എന്നിവ സംബന്ധിച്ച് പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനവും തന്മൂലം മനുഷ്യരുടെ ജീവിതത്തിലും, ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യ സേവന മേഖലകളിലും ഉണ്ടായ മാറ്റങ്ങളും, പ്രകൃതി വിഭവങ്ങൾ, ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ടായ മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട് (7.3.2). ജല സംരക്ഷണം, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാൻ, കാർബൺ ബഹിർഗമനം കുറയ്ക്കാൻ, ദുരന്ത ലഘൂകരണം, മേൽ സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ, മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ ഭാഗമാക്കണം (7.3.3) പദ്ധതി സംബന്ധിച്ച പരിശീലനം കില നൽകുന്നതാണ്.

മേൽ നിർദേശ പ്രകാരം പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയതു സംബന്ധിച്ച് വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (6/26.11.2024)മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വെതർ സ്റ്റേഷൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

സ.ഉ.(കൈ) നം.115/22/ ത സ്വ ഭ വ- തിയതി 28/05/22 ഖണ്ഡിക (7.8.8 ) പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്തസാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനുമായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് നിർദേശിക്കുന്നു. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതും അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (04/26.11.2024) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ തുടർ നടപടികളൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതി ദുരന്തങ്ങൾ കൊണ്ടുള്ള ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര ധനസഹായം അനുവദിക്കുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും പ്രത്യേകമായി ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ചട്ടം4(3) പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്ന തിനും അപേക്ഷകൾ പരിശോധിക്കുന്നതിനും പ്രസിഡന്റ് (ചെയർമാൻ), തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തംഗം, സെക്രട്ടറി (കൺവീനർ) എന്നിവരുടെ സബ്കമ്മിറ്റി രൂപീകരിക്കേണ്ടതുമായിരുന്നു. മേൽപ്പറഞ്ഞ കമ്മിറ്റി , യോഗങ്ങളുടെ മിനിട്സ്, അക്കൗണ്ട് വിശദാംശങ്ങൾ, നിലവിലുള്ള അക്കൗണ്ട് ബാലൻസ്, രസീത് ബുക്കുകൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് എൻക്വയറി നം.02/25.11.2024 ന് മറുപടി ലഭ്യമാക്കിയില്ല. വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ 40(b) പ്രകാരം 1390 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. (കൊടുങ്ങല്ലൂർ ടൗൺ കോ-ഓപ്പറേറ്റിവ് ബാങ്ക്-അക്കൗണ്ട് നമ്പർ 110353000001553). മുകളിൽ പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ദുരിതാശ്വാസ നിധി ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 സദ്ഭരണ പദ്ധതി - തയ്യാറാക്കേണ്ടതാണ്

19-4-22 ലെ സ. ഉ. (കൈ) നം. 84/2022/ത സ്വ ഭ വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം

പഞ്ചവത്സര പദ്ധതിയിലെ മാർഗരേഖ 6.9 പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഓരോ സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് (6.9.1). പൊതു ജനങ്ങളുടെ പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനായി മാസത്തിലെ ആദ്യ ബുധനാഴ്ച ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അദാലത്ത് നടത്തി പരിഹാരം കാണേണ്ടതാണ് (6.9,2). സുതാര്യത, ജനപങ്കാളിത്തം എന്നീ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനം (TOTAL QUALITY MANAGEMENT) കാലികമായി പരിഷ്കരിക്കേണ്ടതാണ് (6.9.3). സദ്ഭരണ തത്വങ്ങൾക്ക് പുറമെ പൗരാവകാശ രേഖ, അറിയുവാനുള്ള അവകാശം, വാതിൽപ്പടി സേവനം എന്നിവ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടത് (6.9.6, 6.9.7) എന്ന് മാർഗരേഖ നിർദ്ദേശിക്കുന്നു. സദ്ഭരണ പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/26.11.2024) മറുപടിയായി സ്ഥാപനത്തിന് ഐ എസ് ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടു ണ്ടെന്നും പ്രസിഡന്റിന്റെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്ത് നടത്താറുണ്ടെന്നുമാണ് അറിയിച്ചത്. സദ്ഭരണ പദ്ധതി

തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തുടർ വർഷങ്ങളിൽ നിയമം നിഷ്കർഷിച്ച രീതിയിൽ സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 യഥാർത്ഥ ചെലവ് സുലേഖ എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റുമായി വ്യത്യാസപ്പെടുന്നു

പ്രോജക്ട് നമ്പർ- 48/24 - വീട് വാസയോഗ്യമാക്കൽ (ജനറൽ)

അടങ്കൽ- 14,00,000

ചെലവ് -7,50,000

ഫണ്ടിനം - വികസനഫണ്ട് -ജനറൽ

വി.ഇ.ഒ, എടവിലങ്ങ് നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ടിൽ രത്നവല്ലി എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിൽ 25000 രൂപ (തിയതി. 25.03.24) ക്രെഡിറ്റ് ആകാതെ സർക്കാരിലേയ്ക്ക് തിരിച്ച് പോയിട്ടുണ്ട്. വെബ് സാംഖ്യയിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം ക്രെഡിറ്റ് സ്റ്റാറ്റസ് Return To Government Account എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 'ട്രഷറി ബിൽ പാസ്സാക്കുകയും, ഐ.എഫ്.എസ്.സി, അക്കൗണ്ട് നമ്പർ എന്നിവയിലെ തെറ്റ് കാരണം തുക ലഭിക്കാതിരിക്കുകയും ചെയ്താൽ' തിരുത്തുന്നതിനുള്ള ഓപ്ഷൻ വഴി ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻഫർ ചെയ്തു നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇപ്രകാരം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക ഉറപ്പാക്കിയില്ല. ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് ആക്ടീവ് അല്ലാത്തതിനാൽ ആയത് പരിഹരിക്കുന്നതിൽ കാലതാമസമുണ്ടായതാണ് തുക തിരികെ പോകാൻ കാരണമായതെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി (ഓഡിറ്റ് അന്വേഷണം-10/27.11.24).

മേൽ പദ്ധതിയുടെ യഥാർത്ഥ ചെലവ് 7,25,000 രൂപയാണെങ്കിലും സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ചെലവായി വന്നിരിക്കുന്നത് 7,50,000 രൂപയാണ്. സുലേഖ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്ററിൽ യഥാർത്ഥ ചെലവിനേക്കാൾ 25000 രൂപ അധിക ചെലവ് രേഖപ്പെടുത്തുന്നതിന് ഇത് കാരണമായി. യഥാസമയം തുകകൾ ഗുണഭോക്താവിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ

നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 മാലിന്യ നിക്ഷേപം- സി.സി.ടി.വി സ്ഥാപിച്ചിട്ടില്ല

പ്രോജക്ട് നമ്പർ-185/24, ഗ്രാമപഞ്ചായത്തിൽ മാലിന്യം നിക്ഷേപിക്കുന്നതിനു സാധ്യതയുള്ള ഇടങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കൽ

ഫണ്ടിനം- വികസന ഫണ്ട് (ജനറൽ, തനത് ഫണ്ട്)

പദ്ധതി അടങ്കൽ- 288610+199553=488163

പദ്ധതി ചെലവ്- 195258+195258=390516

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പഞ്ചായത്തിൽ മാലിന്യം നിക്ഷേപിക്കുന്നതിന് സാധ്യതയുള്ള സ്ഥലങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിനായി Keltron എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി 6.02.2024 വർക്ക് ഓർഡർ നൽകി (നമ്പർ-400737/DPAG01/GPO/2023/2701 (28)) 23.02.2024 ന് ഗ്രാമപഞ്ചായത്ത് Keltron മായി കരാറിൽ ഏർപ്പെട്ടു. അഡ്വാൻസും മെറ്റീരിയൽ കോസ്റ്റുമുൾപ്പെടെ 390516 രൂപ (വൗച്ചർ നമ്പർ- 42300793/1.03.24, 42301239/25.03.24) Keltronന് നൽകിയിട്ടുണ്ട്. കരാറിലെ വ്യവസ്ഥകൾ പ്രകാരം വർക്ക് ഓർഡർ നൽകി 4 മാസത്തിനകം പ്രോജക്ട് നിർവ്വഹിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത കാലയളവ് കഴിഞ്ഞിട്ടും സി.സി.ടി.വി സ്ഥാപിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം-16/27.11.2024) . ലഭിച്ച മെറ്റീരിയലുകളുടെ ഗ്യാരണ്ടി പിരീഡ്

നഷ്ടമാകാതെ സി.സി.ടി.വി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 മുൻകൂർ തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല

**എ) പ്രോജക്ട് നമ്പർ- 50/24 , ലൈഫ് ഭവനനിർമ്മാണം (എസ്.സി)**

2023-24 സാമ്പത്തിക വർഷം വി.ഇ.ഒ, കാര സർക്കിൾ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (എസ്.സി) എന്ന പ്രൊജക്ടിൽ ഭവന നിർമ്മാണത്തിന് മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിവരം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തുക കൈപ്പറ്റിയ തിയതി |
|---|---|---|
| സത്യഭാമ സതീഷ് | 40000 | 11.01.24 |
| സുലോചന തമ്പി | 40000 | 11.01.24 |

കരാറിലേർപ്പെട്ട് 6 മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിക്കാമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് പാലിക്കാനായിട്ടില്ല. സർക്കാർ ധനസഹായം വേണ്ടരീതിയിൽ വിനിയോഗിക്കപ്പെട്ടുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-22 ലൈഫ്- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

**പ്രോജക്ട് നമ്പർ- 141/24 , ലൈഫ് ഭവനനിർമ്മാണം (ജനറൽ)**

2023-24 സാമ്പത്തിക വർഷം വി.ഇ.ഒ, എടവിലങ്ങ് നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (ജനറൽ) എന്ന പ്രൊജക്ടിൽ ഭവന നിർമ്മാണത്തിന് മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തുക കൈപ്പറ്റിയ തിയതി |
|---|---|---|
| അനിത വലിയപറമ്പിൽ | 40000 | 15.09.23 |
| ഷമിമുന്നീസ കെ.എച്ച് | 40000 | 21.09.23 |

മേൽ പദ്ധതികളിൽ കരാറിലേർപ്പെട്ട് 6 മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിക്കാമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് പാലിക്കാനായിട്ടില്ല. സർക്കാർ ധനസഹായം വേണ്ടരീതിയിൽ വിനിയോഗിക്കപ്പെട്ടുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## <u>1-23 വാല്യൂവേഷൻ റിപ്പോർട്ട് ഉറപ്പാക്കാതെ തുക അനുവദിച്ചു</u>

വി.ഇ.ഒ, എടവിലങ്ങ് നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 50,000 രൂപ വീതമാണ് നൽകിയിട്ടുള്ളത്. അഡ്വാൻസ് തുകയായി 25,000 രൂപയും പൂർത്തീകരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക നൽകുകയുമാണ് ചെയ്തിട്ടുള്ളത്. പതിനാലാം സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം.115/2022/തസ്വഭവ തിയതി. 28.05.2022 ) നിർദ്ദേശമനുസരിച്ച് ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം മേൽ പദ്ധതിയിൽ പാലിച്ചിട്ടില്ല. പണിപൂർത്തീകരണ സമയത്ത് എൽ.എസ്.ജി.ഡി ഓവർസീയറുടെ വാല്യൂവേഷൻ റിപ്പോർട്ട് ഉറപ്പാക്കുന്നുണ്ടെങ്കിലും പരിശോധിച്ച് ഉറപ്പ് വരുത്താത്ത എസ്റ്റിമേറ്റിന്മേൽ അഡ്വാൻസ് തുക നൽകുകയാണ് ഉണ്ടായിട്ടുള്ളത്. ഇപ്രകാരം തുക മുൻകൂർ നൽകിയിട്ടും പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

1. പ്രോജക്റ്റ് നമ്പർ 48/24- വീട് വാസയോഗ്യമാക്കൽ (ജനറൽ)

| ഗുണഭോക്താവ് | തുക | തിയതി |
|---|---|---|
| ഗിരിജ ദാസൻ | 25000 | 24.03.24 |
| വാസന്തി അശോകൻ | 25000 | 25.03.24 |
| പ്രേമ രാമൻ | 25000 | 25.03.24 |

2. പ്രോജക്റ്റ് നമ്പർ 49/24- വീട് വാസയോഗ്യമാക്കൽ (എസ്.സി)

വീട് വാസയോഗ്യമാക്കുന്നതിന് എസ്.സി ഗുണഭോക്താക്കൾക്ക് മേൽ പദ്ധതിയിൽ ഒരു ഗുണഭോക്താവിന് 1,00,000 രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്. എൽ.എസ്.ജി.ഡി

ഓവർസീയർ സാക്ഷ്യപ്പെടുത്താത്ത എസ്റ്റിമേറ്റിന്മേൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഈ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | തുക | തിയതി |
|---|---|---|
| കൃഷ്ണകുമാരി | 50000 | 24.03.24 |
| ബേബി ബാലൻ | 50000 | 24.03.24 |

മേൽ പ്രോജക്റ്റുകളിൽ ഗുണഭോക്താക്കളും, നിർവ്വഹണ ഉദ്യോഗസ്ഥനും തമ്മിൽ കരാറിൽ ഏർപ്പിട്ടുണ്ടെങ്കിലും കരാറിൽ വ്യവസ്ഥകൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.
കരാർ വ്യവസ്ഥകൾ കൃത്യമായി രേഖപ്പെടുത്താതെ തുക നൽകുന്നത് നഷ്ടതുക തിരിച്ച് ഈടാക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കുമെന്നതിനാൽ കൃത്യമായി കരാർ വ്യവസ്ഥ ചമയ്ക്കേണ്ടതും എസ്റ്റിമേറ്റ് പ്രകാരമുള്ള ആവശ്യകത പരിശോധിച്ച് ഉറപ്പാക്കി തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം 12/27.11.2024

## 1-24 ഭിന്നശേഷിക്കാർക്ക് ഹിയറിംഗ് എയ്ഡ് - വിതരണരേഖകൾ ഹാജരാക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ- 77/24, ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാർക്ക് ഹിയറിംഗ് എയ്ഡ് നൽകൽ

ഫണ്ടിനം- വികസനഫണ്ട് - ജനറൽ

പദ്ധതി അടങ്കൽ- 160000

പദ്ധതി ചെലവ്- 160000

വൗച്ചർ നമ്പർ- 42301228 തി. 24.03.24

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

മേൽ പ്രോജക്ടിൽ ഹിയറിംഗ് എയ്ഡ് ഉപകരണങ്ങൾ KELTRON എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിക്കുന്നു. 20 ഹിയറിംഗ് എയ്ഡ് 8000 രൂപ നിരക്കിൽ വാങ്ങിയതിന് (ബിൽ നമ്പർ- PR-138-23/24 Dt.23.03.24) 160000 രൂപ KELTRON ന് നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനാൽ രേഖകൾ കൈമാറി കിട്ടിയിട്ടില്ലെന്ന് നിലവിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കുകയുണ്ടായി. വിതരണ രേഖകൾ ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം- 36/29.11.2024

## 1-25 വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ - വിതരണം ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | 76/24, വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ |
| അടങ്കൽ | 186990 (വികസനഫണ്ട് - ജനറൽ) |
| ചെലവ് | 186990 |

| | |
|---|---|
| വൗച്ചർ നമ്പർ | 42301226 തി. 24.03.24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പദ്ധതിയിൽ കേരള സംസ്ഥാന വികലാംഗ കോർപ്പറേഷനിൽ നിന്നും ഇൻവോയ്സ് നമ്പർ-295/23-24 തി.5.03.24 പ്രകാരം 186990 രൂപയുടെ ഉപകരണങ്ങൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഉപകരണങ്ങൾ കൈപ്പറ്റിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | ഉപകരണം | ഉപകരണത്തിന്റെ വില |
|---|---|---|---|
| 1 | ശാന്ത കാബ്ലിക്കൽ | ഫോൾഡിംഗ് വാക്കർ ഡീലക്സ് | 35175 |
| 2 | കൊച്ചുറാണി, ഇലഞ്ഞിക്കൽ | ഫോൾഡിംഗ് വാക്കർ ഡീലക്സ് | 35175 |
| 3 | ആമിന കല്ലുങ്കൽ | ഫോൾഡിംഗ് വാക്കർ ഡീലക്സ് | 35175 |

| | | | |
|---|---|---|---|
| | ആകെ | | 105525 |

നിർവ്വഹണ ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനാൽ രേഖകൾ കൈമാറി കിട്ടിയിട്ടില്ലെന്ന് നിലവിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി ലഭ്യമാക്കി. ഉപകരണങ്ങൾ വിതരണം ചെയ്ത് രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം- 35/29.11.2024).

## 1-26 അങ്കണവാടി പോഷകാഹാരം വാങ്ങൽ- രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ- 39/24 , അങ്കണവാടി പോഷകാഹാരം വാങ്ങൽ

പദ്ധതി അടങ്കൽ- 2680085

പദ്ധതി ചെലവ്- 2269572

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാരം വാങ്ങൽ എന്ന പദ്ധതിയ്ക്കായി 2269572 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിവരങ്ങൾ പൂർണ്ണമല്ല. അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയതി | തുക | അപാകത |
|---|---|---|---|
| 1 | 42300998/ 14.06.23 | 260323 | കൊടുങ്ങല്ലൂർ കൺസ്യൂമർ |

| | | | |
|---|---|---|---|
| | | | സൊസൈറ്റിയിൽ നിന്ന് വാങ്ങിയ സാധനങ്ങളുടെ (ബിൽ നമ്പർ- B2C-1491/20.04.23) സ്റ്റോക്ക് , വിതരണ വിവരം ഇല്ല. |
| 2 | 42301051/ 9.11.23 | 229321 | കൊടുങ്ങല്ലൂർ കൺസ്യൂമർ സൊസൈറ്റിയിൽ നിന്ന് വാങ്ങിയ സാധനങ്ങളുടെ (ബിൽ നമ്പർ- B2C-15159/29.09.23) സ്റ്റോക്ക് , വിതരണ വിവരം ഇല്ല. |
| 3 | 42301068/ 20.11.23 | 100000 | കൊടുങ്ങല്ലൂർ കൺസ്യൂമർ സൊസൈറ്റിയിൽ നിന്ന് വാങ്ങിയ സാധനങ്ങളുടെ (ബിൽ നമ്പർ- B2C-8106/12.07.23) സ്റ്റോക്ക് , വിതരണ വിവരം ഇല്ല. |
| 4 | 42300728/ 8.02.24 | 412536 | കൊടുങ്ങല്ലൂർ കൺസ്യൂമർ സൊസൈറ്റിയിൽ നിന്ന് വാങ്ങിയ സാധനങ്ങളുടെ (ബിൽ നമ്പർ- B2C-8106/12.07.23,ബിൽ നമ്പർ- B2C-22227/9.12.23) സ്റ്റോക്ക് , വിതരണ |

| | | | |
|---|---|---|---|
| | | | വിവരം ഇല്ല. |
| 5 | 42300916/ 27.03.24 | 294613 | കൊടുങ്ങല്ലൂർ കൺസ്യൂമർ സൊസൈറ്റിയിൽ നിന്ന് വാങ്ങിയ സാധനങ്ങളുടെ (ബിൽ നമ്പർ- B2C-29171/17.02.23) സ്റ്റോക്ക് , വിതരണ വിവരം ഇല്ല. |
| 6 | 42300728/ 8.02.24 | 77690 | നവജ്യോതി ഫുഡ് പ്രോഡക്ട്, അമൃതം ഫുഡ് സപ്ലിമെന്റ് കുടുംബശ്രീ യൂണിറ്റിൽ നിന്നും വാങ്ങിയ 70കി.ഗ്രാം അമൃതം ഫുഡ് സപ്ലിമെന്റിന്റെ സ്റ്റോക്ക് , വിതരണ വിവരം ഇല്ല. |
| 7 | 42300916/ 27.03.24 | 144282 | നവജ്യോതി ഫുഡ് പ്രോഡക്ട്, അമൃതം ഫുഡ് സപ്ലിമെന്റ് കുടുംബശ്രീ യൂണിറ്റിന് നൽകിയ 144282 രൂപയുടെ ബില്ലുകൾ , ഫുഡ് സപ്ലിമെന്റിന്റെ സ്റ്റോക്ക് , വിതരണ വിവരം ഇല്ല. |
| | ആകെ | 1518765 | |

ചെലവ് രേഖകൾ, സ്റ്റോക്ക്, വിതരണ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ

രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം-25/28.11.2024).

## 1-27 വയോജനങ്ങൾക്ക് കട്ടിൽ -രേഖകൾ ഹാജരാക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ- 41/24 , വയോജനങ്ങൾക്ക് കട്ടിൽ

ഫണ്ടിനം- വികസനഫണ്ട് - ജനറൽ

പദ്ധതി അടങ്കൽ- 320000

പദ്ധതി ചെലവ്- 320000

വൗച്ചർ നമ്പർ- 42301223,42301220,42301222,42301221 തി. 24.03.24

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഒരു കട്ടിലിന് 2796 രൂപ നിരക്കിൽ കീർത്തി ഫർണീച്ചർ, എടവിലങ്ങ് എന്ന സ്ഥാപനത്തിൽ നിന്ന് 115 എണ്ണം കട്ടിലുകൾ വാങ്ങുന്നതിനായി മേൽ പ്രോജക്ടു പ്രകാരം 320000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതായി കാണുന്നില്ല.

| വാർഡ് | ഗുണഭോക്താവ് |
|---|---|
| 8 | ചന്ദ്രമതി , തുടിയിൽ |
| 10 | രാജേന്ദ്രൻ, അവണിപുള്ളി |
| 13 | കുസുമം ടി.പി |

| | |
|---|---|
| 13 | ഷൈല, കൈതക്കാട്ട് |
| 13 | കരുണ കമ്പിളിക്കൽ |
| 13 | ലളിത കെ.വി |
| 13 | മേരി ലോനപ്പൻ |
| 13 | ഗൗരി വളവത്ത് |
| 13 | ജാനകി കമ്പളിക്കൽ |
| 13 | പ്രതാപൻ കെ.കെ |

കട്ടിൽ കൈപ്പറ്റാത്തതിന് മറുപടി ലഭ്യമായില്ല. ആയത് വിതരണം ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

8, 9, 10, 11, 13 എന്നീ വാർഡുകളിലെ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം-28/29.11.2024)

## 1-28 ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ - വിതരണ രേഖകൾ ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ- 45/24 , ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ നൽകൽ

ഫണ്ടിനം- വികസനഫണ്ട് - ജനറൽ

പദ്ധതി അടങ്കൽ- 400000

പദ്ധതി ചെലവ്- 225838

വൗച്ചർ നമ്പർ- 42301225തി. 24.03.24

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 296/23-24 തിയതി. 5.03.24 ഇൻവോയ്സ് പ്രകാരം 225838 രൂപ കേരള സ്റ്റേറ്റ് വികലാംഗ കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ സഹായ ഉപകരണങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഉപകരണത്തിന്റെ ആവശ്യകത നിർണ്ണയിച്ച് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകളും ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

സ.ഉ (കൈ) നം.115/2022/ത.സ്വ.ഭ.വ തീ 28.05.2022 പുറപ്പെടുവിച്ച 14-ാം പഞ്ചവത്സര പദ്ധതി യുടെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.13 പ്രകാരം ഉപകരണം ഉള്ളവർക്ക് അത് വീണ്ടും നൽകുന്നത് ഒഴിവാക്കുവാൻ ഗ്രാമപഞ്ചായത്ത് അതിനായി ഒരു ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം-34 /29.11.2024).

## 1-29 ചെലവ് തുകയുടെ കാലിത്തീറ്റ മുഴുവനായും വിതരണം ചെയ്തിട്ടില്ല

പ്രോജക്റ്റ് നമ്പർ- 15/24-സുഭിക്ഷ കേരളം - കറവപശുക്കൾക്ക് കാലിത്തീറ്റ പദ്ധതി

ഫണ്ടിനം (വികസനഫണ്ട് -ജനറൽ, ഗുണഭോക്തൃവിഹിതം)

പദ്ധതി അടങ്കൽ- 516800 (170000+346800)

പദ്ധതി ചെലവ്- 447440 (170000+277440)

നിർവ്വഹണ ഉദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നൽകുന്ന മേൽ പദ്ധതിയിൽ കേരള ഫീഡ്സ് എന്ന സ്ഥാപനത്തിൽ നിന്ന് കാലിത്തീറ്റ വാങ്ങി എടവിലങ്ങ് ക്ഷീരസംഘം വഴി വിതരണം ചെയ്യുന്നു. 34 ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിനായി കേരള ഫീഡ്സ് എന്ന സ്ഥാപനത്തിന് 447440 രൂപ നൽകിയിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം ഇത്രയും രൂപയുടെ കാലിത്തീറ്റ വിതരണം നടന്നതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | കേരള ഫീഡ്സിന് നൽകിയ തുക |
|---|---|
| വികസന ഫണ്ട് | 170000 |
| ഗുണഭോക്തൃവിഹിതം | 277440 |
| ആകെ | 447440 |

34 ക്ഷീരകർഷകർക്ക് 5 മാസത്തേയ്ക്കുള്ള സബ്സിഡിയായ 170000 (34x5x1000) രൂപ (പ്ലാൻഫണ്ട് വിഹിതം) മുഴുവനായി കേരള ഫീഡ്സിന് കൈമാറിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമായി വകയിരുത്തിയ 346800 (34x5x2040) രൂപയിൽ 277440 രൂപയും നൽകിയിട്ടുണ്ട്. 4 മാസത്തേയ്ക്കുള്ള ഗുണഭോക്തൃ വിഹിതമാണ് കൈമാറിയിട്ടുള്ളത്. 5 മാസത്തേയ്ക്കുള്ള പ്ലാൻ ഫണ്ട് വിഹിതം മുഴുവൻ

ചെലവഴിച്ചിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 4 മാസത്തെ കാലിത്തീറ്റ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ക്ഷീര സംഘം വഴി കാലിത്തീറ്റ വിതരണം നടത്തുന്നുവെന്ന് ഉറപ്പാക്കുന്ന രീതിയിലല്ല വിതരണ രജിസ്ററർ സൂക്ഷിച്ചിരിക്കുന്നത്. എടവിലങ്ങ് ക്ഷീര സഹകരണ സംഘം കെട്ടിടത്തിലെ അറ്റകുറ്റപണികൾ നടക്കുന്നതു മൂലം കാലിത്തീറ്റയ്ക്കുള്ള സ്റ്റോറേജ് സൗകര്യം കുറവായതിനാൽ അവസാന മാസത്തെ കാലിത്തീറ്റ വിതരണം യഥാസമയം നടത്തുവാൻ സാധിച്ചിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ചെലവഴിച്ച തുകയുടെ കാലിത്തീറ്റ വിതരണം നടത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം-24/28.11.2024

## 1-30 മഴക്കാല പൂർവ്വശുചീകരണത്തിന് തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല

മഴക്കാല പൂർവ്വശുചീകരണത്തിന് മെഡിക്കൽ ഓഫീസർക്ക് കൈമാറിയ 280000 രൂപയിൽ 140000 രൂപ ശുചിത്വ മിഷൻ വിഹിതം ശുചിത്വ മിഷനിൽ നിന്ന് ഫണ്ട് ലഭ്യമാകുന്ന മുറക്ക് തിരികെ നൽകാം എന്ന് 26.05.2023 ലെ ശുചിത്വ മിഷൻ ഡയറക്ടറുടെ 398/D/2022/SM കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. തുക ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/29.11.2024) മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 കരാർ ചമച്ചിട്ടും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്തിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ കരാർ ചമച്ചിട്ടും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

| പ്രൊജക്ട് | ഫണ്ട് | തുക | കരാറുകാരൻ | കരാർ |
|---|---|---|---|---|
| പ്രിയദർശിനി റോഡ് മെയിന്റനൻസ് (87/24) | മെയിന്റനൻസ് ഫണ്ട്-റോഡ് | 650000 | രാജീവ്.വി.ഡി | 17/AE/LSGD /EDV/2023-24 /23/11/2023 |
| ശ്രീനാരായണ റോഡ് മെയിന്റനൻസ് (95/24) | മെയിന്റനൻസ് ഫണ്ട്-റോഡ് | 784197 | രാജീവ്.വി.ഡി | 16/AE/LSGD /EDV/2023-24 /25/11/2023 |
| അത്താണി മലബാർ റോഡ് റീടാറിംങ്ങ് (96/24) | മെയിന്റനൻസ് ഫണ്ട്-റോഡ് | 784197 | രാജീവ്.വി.ഡി | 14/AE/LSGD /EDV/2023-24 /21/11/2023 |
| പൊടിയൻ ബസാർ റോഡ് റീടാറിംങ്ങ് (97/24) | മെയിന്റനൻസ് ഫണ്ട്-റോഡ് | 1176295 | ഷാജി | 10/AE/LSGD /EDV/2023-24 /18/11/2023 |
| അറുപതാം കോളനി റോഡ് | മെയിന്റനൻസ് ഫണ്ട്-റോഡ് | 798394 | രാജീവ്.വി.ഡി | 12/AE/LSGD /EDV/2023-24 |

| | | | | |
|---|---|---|---|---|
| റീടാറിംങ്ങ്(98/24) | | | | /21/11/2023 |
| കുഞ്ഞയനി കെ.വി.എച്ച്.എസ്. റോഡ് റീടാറിംങ്ങ് (99/24) | മെയിന്റനൻസ് ഫണ്ട്-റോഡ് | 628197 | രാജീവ്.വി.ഡി | 40/AE/LSGD /EDV/2023-24 /14/03/2024 |
| പഞ്ചായത്ത് കുളം തട്ടം കടവ് റോഡ് റീടാറിംങ്ങ്(103/24) | മെയിന്റനൻസ് ഫണ്ട്-റോഡ് | 1100001 | രാജീവ്.വി.ഡി | 18/AE/LSGD /EDV/2023-24 /23/11/2023 |
| കുഞ്ഞയനി മലബാർ നോർത്ത് എൻഡ് ട്ട ഗിരിജ പാലം റോഡ് റീടാറിംങ്ങ്(158/24) | മെയിന്റനൻസ് ഫണ്ട്-റോഡ് | 784197 | രാജീവ്.വി.ഡി | 19/AE/LSGD /EDV/2023-24 /23/11/2023 |
| സോമിൽ സെന്റ് ആന്റണി കോൺവെന്റ് റോഡ് റീടാറിംങ്ങ് (160/24) | മെയിന്റനൻസ് ഫണ്ട്-റോഡ് | 1012295 | രാജീവ്.വി.ഡി | 15/AE/LSGD /EDV/2023-21 /23/11/2023 |

ഈ പ്രവൃത്തികളിൽ സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ടെങ്കിലും കരാറുകാരൻ പ്രവൃത്തി

ആരംഭിക്കുകയോ കാലാവധി ദീർഘിപ്പിക്കുവാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.09/27.11.2024) മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-32 ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക തനത് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനിയറുടെ പേരിലുള്ള താഴെപ്പറയുന്ന അക്കൗണ്ടുകളിൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക തനത് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് |
|---|---|
| 00000037330918238 (SBI, Kodungallur) | 78253 (24.10.2024 ലെ നീക്കിയിരിപ്പ്) |

ഇ-ടെണ്ടർ ഫീ ലഭ്യമാക്കുന്നതിന് ആരംഭിച്ച അക്കൗണ്ടിൽ ടെണ്ടർ ഫീ ഇനത്തിൽ വന്ന തുകകൾ ആണ് നീക്കിയിരിപ്പായി അവശേഷിക്കുന്നത്. ഇ-ടെണ്ടർ ഫീ ഇനത്തിൽ ടി അക്കൗണ്ടിലേക്ക് ലഭ്യമായ തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.

ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (എൻക്വയറി നം.08/27.11.2024).

## 1-33 പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത ഉപകരണം നേരിട്ട് വാങ്ങി

പ്രൊജക്ട് നമ്പർ- 34/24

നിർവഹണ ഉദ്യോഗസ്ഥ- ഹെഡ്മിസ്ട്രസ്, ജി എൽ പി എസ് ഫിഷറീസ്, കാര

അടങ്കൽ- 52217

ചെലവ് -52217

ഫണ്ട് - വികസന ഫണ്ട് എസ് സി പി (50000) , തനത് ഫണ്ട് (2217 )

വൗച്ചർ നമ്പർ- 42301116/26-12-2023 - 50000

വൗച്ചർ നമ്പർ- 42300633/06.01.2024- 2217

എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്ന പ്രൊജക്ട് പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത സിഡ്കോയുടെ ക്വട്ടേഷൻ അംഗീകരിച്ചു. സ്റ്റഡി ടേബിൾ, ചെയർ എന്നിവ 11 എണ്ണം വീതം വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| സ്പെസിഫിക്കേഷൻ | വില |
|---|---|
| Steel Study Table With One Drawer And Inner Shelf<br>90x60x75 , Top With 18 Mm Prelaminated Particle Board | 2731 |
| Cushioned Armed Chair | 1292 |

സ.ഉ (സാധാ) നം.147/23/spd/16.12.2023 പ്രകാരമാണ് സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങൽ നടത്താവുന്നത്. മേൽ ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം ഇളവ് അനുവദിക്കാത്ത ഉൽപന്നങ്ങൾ നേരിട്ട് വാങ്ങാൻ പാടില്ല. ഉത്തരവിലെ ഖണ്ഡിക 2 പ്രകാരം 28.05.2015 - ലെ സ.ഉ (സാധാ) 26/2015/SPD നമ്പർ ഉത്തരവ് പ്രകാരം വില നിർണ്ണയം നടത്തിയ ഉല്പന്നങ്ങൾ അതേ നിരക്കിൽ നേരിട്ട് വാങ്ങാവുന്നതാണ്. സ്പെസിഫിക്കേഷൻ, വില എന്നിവ പരിശോധിച്ചതിൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയ സ്റ്റഡി ടേബിൾ, ചെയർ എന്നിവ മേൽ ഉത്തരവിന്റെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട് കാണുന്നില്ല. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ സർക്കുലർ നമ്പർ-6929603/2023/(SPD) തീയതി 02.02.2023ൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ടെണ്ടർ ഇളവ് നൽകിയിട്ടില്ലാത്ത എല്ലാ ഉൽപ്പന്നങ്ങളും സ്ഥാപനം സ്വന്തമായി നിർമ്മിച്ചതാണെങ്കിലും സ്റ്റോർ പർച്ചേസ് മാനുവലിൽ നിഷ്കർഷിക്കുന്ന മത്സര സ്വഭാവത്തിലൂടെയുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടി ക്രമങ്ങൾക്ക് വിധേയമായി മാത്രമായിരിക്കണം പൊതു സംഭരണം നടത്തേണ്ടത് എന്നും ഇപ്രകാരമല്ലാത്ത എല്ലാ പൊതു സംഭരണങ്ങളും ക്രമവിരുദ്ധമായി കണക്കാക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. അപാകം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/28.11.2024) മറുപടിയായി അപാകം തുടർ വർഷങ്ങളിൽ ആവർത്തിക്കില്ല എന്ന് അറിയിച്ചു. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ ഉത്തരവിനനുസൃതമായി വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ഹോമിയോ മരുന്ന് വാങ്ങൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിന് മുമ്പ് മരുന്ന് വാങ്ങാൻ തുക കൈമാറി

പ്രൊജക്ട് നമ്പർ- 29/24

നിർവഹണ ഉദ്യോഗസ്ഥ- മെഡിക്കൽ ഓഫീസർ ഹോമിയോ

അടങ്കൽ- 400000

ചെലവ് -400000

ഫണ്ട് - മെയിന്റനൻസ് നോൺ റോഡ്

വൗച്ചർ നമ്പർ- 42301070/2511.2023- 400000

ഹോമിയോ മരുന്ന് വാങ്ങലിനായി PF – 804/11.11.2023 പ്രകാരം 400000 രൂപ ഹോംകോക്ക് വൗച്ചർ നമ്പർ- 42301070/25.11.23 പ്രകാരം നൽകി. എന്നാൽ നോൺ അവൈയലബിലിറ്റി സർട്ടിഫിക്കറ്റിന് അപേക്ഷിച്ചത് 14.1.2024 തീയതിയിലാണ്. നോൺ അവൈയലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിരിക്കുന്നത് 8.2.2024നാണ്. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് 115/2024 തസ്വഭവ തീയതി. 28.05.2022 ഖ .7.6.4 (1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതെ മരുന്ന് വങ്ങാൻ പാടില്ല. അപാകത്തിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ ) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖ പ്രകാരം വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-35 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രൊജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിന്റെ വിവരം ഫയലിൽ ഇല്ല. വിശദാംശം താഴെ ചേർക്കുന്നു.

| പ്രൊജക്ട് | കൈമാറിയ | വൗച്ചർ | റിമാർക്സ് |
|---|---|---|---|

| നമ്പർ/ പ്രൊജക്ടിന്റെ പേര് | തുക | നമ്പർ/തീയതി | |
|---|---|---|---|
| പ്രൊജക്ട് നമ്പർ- 03/24 ഐ കെ എം വിഹിതം നൽകൽ | 78115 (വികസന ഫണ്ട് ജനറൽ) | 42300989/ 17.05.2023 | എക്സി .ഡയറക്ടർ , ഇൻഫോർമേഷൻ കേരള മിഷൻ,തിരുവനന്തപുരം |
| പ്രൊജക്ട് നമ്പർ- 147/24 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 256540 (വികസന ഫണ്ട് &തനത് ഫണ്ട്) | A) 42301001/ 22-06-2023- 39011<br>B) 42301002/ 22-06-2023- 35,341<br>C)42300478/ 04.11.2023- 71,550<br>D) 42300936/ 28.03.2024-53,998 | 56640 രൂപക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. ബാലൻസ് 199900 രൂപയിൽ<br>164559 രൂപ കെ. എസ് ഇ .ബി , കൊടുങ്ങല്ലൂർ സെക്ഷനിലും<br>35341രൂപ കെ. എസ് ഇ .ബി , മതിലകം |

| | | | |
|---|---|---|---|
| | | | സെക്ഷനിലും ഡെപ്പോസിറ്റ് ചെയ്തതാണ്. |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-36 വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിച്ച തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണ്

വാട്ടർ അതോറിറ്റിയിൽ നിന്ന് പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് നൽകിയ തുകയുടെ ബാലൻസ് (73935 രൂപ) ലഭ്യമായത് രസീത് നമ്പർ 1230102006/05.12.2023 പ്രകാരം വരവ് വച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്ന് അടവാക്കിയ പ്രസ്തുത തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നമ്പർ- 32/29.11.2024 ) മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-37 പാലിയേറ്റീവ് കെയർ അപാകങ്ങൾ

I) മരുന്ന് ലഭ്യമായിട്ടില്ല

പ്രൊജക്ട് നമ്പർ- 44/24

അടങ്കൽ- 810000 ( വികസന ഫണ്ട്- 300000, തനത് ഫണ്ട്- 260000, മെയിന്റനൻസ് നോൺ

റോഡ്- 250000)

ചെലവ് -736230( വികസന ഫണ്ട്- 300000, തനത് ഫണ്ട്- 186230, മെയിന്റനൻസ് നോൺ റോഡ്- 250000)

വൗച്ചർ നമ്പർ-42301132/10-01-2024-154,537(മെയിന്റനൻസ് നോൺ റോഡ്)

വൗച്ചർ നമ്പർ-42300351/26.09.2023- 13656

വൗച്ചർ നമ്പർ-42301047/06.11.2023-39909

വൗച്ചർ നമ്പർ-42301143/14.02.2024-15,950

പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ മരുന്ന് വാങ്ങലിനായി PRF- 3039/06.01.2024 പ്രകാരം KMSCL ന് 154537 രൂപ നൽകിയതിൽ 112011 രൂപക്കുള്ള മരുന്ന് ആണ് ലഭ്യമായിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|
| 27085/14.02.2024 | 43277 |
| 28546/29.02.2024 | 2887 |
| 29315/07.03.2024 | 34952 |
| 594/04.04.2024 | 1443 |
| 4731/08.05.2024 | 23424 |
| 20746/05.072024 | 350 |

| | |
|---|---|
| 22875/10.07.2024 | 83 |
| 42733/23.08.2024 | 721 |
| 47413/07.09.2024 | 189 |
| 49643/28.09.2024 | 4685 |
| ആകെ | 112011 |

ബാലൻസ് 42526 രൂപക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ-30/29.11.2024)മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

II) മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ചെലവിന് തുക അനുവദിച്ചു

സ.ഉ (സാധാ) 553/2019/തസ്വഭവ. തീയതി 07.03.2019 പാലിയേറ്റീവ് മാർഗ്ഗരേഖ ഉത്തരവിൽ പ്രതിപാദിക്കാത്ത ഇനം ചെലവുകൾക്ക് പ്രൊജക്റ്റിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. വാഹനത്തിന്റെ വാടക ,ഇന്ധന ചെലവ് മാത്രമേ മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് ഫണ്ടിൽ നിന്ന് അനുവദനീയമായിട്ടുള്ളൂ. വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| ഇൻഷുറൻസ് | 13656 |
| റിപ്പയർ | 3784 |
| മറ്റ് ചെലവുകൾ | 1090 |

III) പ്രസ്തുത പ്രൊജക്റ്റിൽ നിന്ന് രോഗീ ബന്ധു സംഗമത്തിന്റെ ഭാഗമായി ഉല്ലാസയാത്ര

നടത്തിയതിനായി ചെലവ് ചെയ്തിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| വാഹന വാടക സീഷോർ ഫാം KL-64F 238 | പൂത്തുംബി ടൂർസ് & ട്രാവൽസ് (ബിൽ നമ്പർ-145/24.01.2024) | 5300 രൂപ |
| എൻട്രി ടിക്കറ്റ് ഫീസ് | സീഷോർ ഫാം | 690 രൂപ |

സ.ഉ (സാധാ) 553/2019/തസ്വഭവ തീയതി 07.03.2019 പാലിയേറ്റീവ് മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക. 2.4.6 പ്രകാരം കലാ കായിക മത്സരങ്ങൾ, നൈപുണ്യ പരിശീലനം എന്നിവ നൽകാവുന്നതാണ്. ഉല്ലാസയാത്ര നടത്തുന്നത് അനുവദനീയമല്ല. പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ സർക്കാർ ഉത്തരവ് പാലിക്).കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-30/29.11.2024).

## 1-38 മൈക്രോപ്ലാൻ സമഗ്രമല്ല

ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രൊജക്ട് നമ്പർ -152/24 അതി ദരിദ്രരുടെ കുടുംബത്തിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ എന്ന പ്രൊജക്ട് പ്രകാരം 11 വിദ്യാർത്ഥികൾക്ക് ധന സഹായം നൽകിയിട്ടുണ്ട്. എന്നാൽ അതി ദരിദ്രരുടെ മൈക്രോപ്ലാനിൽ നിയ ഫാത്തിമ എന്ന വിദ്യാർത്ഥിനിയുടെ പേര് മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. അടിസ്ഥാന അതിജീവന ആവശ്യങ്ങളും, അടിസ്ഥാന വരുമാനവും ഇല്ലാത്തവരും പരസഹായം ഇല്ലാതെ ജീവിതം മുന്നോട്ട് കൊണ്ടുപോകുവാൻ കഴിവില്ലാത്തവരുമായ അതിദരിദ്രരെ അതിദാരിദ്ര്യത്തിൽ നിന്നും

കരകയറ്റുന്നതിലേക്കായി അതിജീവന ആവശ്യങ്ങളും, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ , വികസന ആവശ്യങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് മൈക്രോപ്ളാൻ തയ്യാറാക്കുന്നതിന് സ.ഉ(കൈ) നം.146/22/ തസ്വഭവ തീ.08.07.2022 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം ഓരോ കുടുംബത്തിന്റേയും ഓരോ മേഖലയിലേയും സൂക്ഷ്മ വിവരങ്ങൾ കണ്ടെത്താൻ കഴിയണം. അപാകത്തിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 37/29.11.2024) മറുപടി ലഭ്യമാക്കിയില്ല. ഓരോ കുടുംബത്തിന്റേയും അവസ്ഥ വിശകലനം ചെയ്ത് അവർക്ക് ലഭ്യമാക്കേണ്ട എല്ലാ സഹായ ഘടകങ്ങളും ഉൾപ്പെടുത്തി മൈക്രോ പ്ളാൻ സമഗ്രമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

## 1-39 എസ് സി വിഭാഗത്തിന് ഹഡ്കോ വായ്പ അനുവദിച്ചിട്ടില്ല എസ് സി ഫണ്ടിന്റെ സ്രോതസ്സിൽ നിന്ന് തുക കുറവ് ചെയ്തു

പഞ്ചായത്തിന് ലഭ്യമായ ഹഡ്കോ 2018 ലോണിൽ നിന്ന് എസ് സി വിഭാഗം ലൈഫ് ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിവരം അറിയിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ - 19/28.11.2024 ) മറുപടിയായി ലൈഫ് മിഷൻ ഭവനവായ്പ 2018 ലഭ്യമായതിൽ പൊതുവിഭാഗത്തിനു മാത്രമാണ് വായ്പ നൽകിയിട്ടുള്ളത് എന്ന് വി ഇ ഒ അറിയിച്ചു. എന്നാൽ വായ്പ തിരിച്ചടവ് ആരംഭിച്ച 2019-20 മുതൽ 2023-24 വരെ വികസന ഫണ്ട് എസ് സി പിയുടെ സ്രോതസ്സിൽ നിന്ന് വായ്പ ഇനത്തിൽ 8,33,788 രൂപ കുറവ് ചെയ്തിട്ടുണ്ട് ( വായ്പ രജിസ്റ്റർ /സുലേഖ ചെലവ് പത്രിക പ്രകാരം). വിശദാംശം താഴെ ചേർക്കുന്നു.

| വർഷം | സ്രോതസ്സിൽ നിന്ന് കുറവ് |
|---|---|

| | ചെയ്ത തുക |
|---|---|
| 2019-20 | 29412 |
| 2020-21 | 58588 |
| 2021-22 | 44000 |
| 2022-23 | 350894 |
| 2023-24 | 350894 |
| ആകെ | 8,33,788 |

സ.ഉ. (കൈ.) നം.84/2022/തസ്വഭവ തി.19.04.2022 ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി പദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടുള്ളതല്ല. ആയതിനാൽ കുറവ് ചെയ്ത തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-40 മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 20.05.2023 ലെ സ.ഉ (സാധാ) നം.1068/2023/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിനനുസൃതമായി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ച് മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ എത്രത്തോളം നടപ്പാക്കുവാൻ എടവിലങ്ങ് ഗ്രാമപഞ്ചായത്തിനായി എന്നത് പരിശോധിച്ച് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

തൃശ്ശൂർ ജില്ലയിൽ മതിലകം ബ്ലോക്കിന് കീഴിൽ വരുന്ന ഗ്രാമപഞ്ചായത്താണ് എടവിലങ്ങ്. ഭൂമിശാസ്ത്രപരമായ പ്രത്യേകത കൊണ്ടും കാലാവസ്ഥയ്ക്കും ജനങ്ങളുടെ ജീവിത നിലവാരത്തിനും അനുസൃതമായിട്ടാണ് മാലിന്യത്തിന്റെ തോത് രൂപപ്പെടുന്നത്. ജീവിത ശൈലിയുടെ ഭാഗമായി അജൈവ മാലിന്യത്തിന്റെ അളവ് പരിസ്ഥിതിയ്ക്ക് ആഘാതമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിക്കേണ്ടത് അനിവാര്യമാണ്.

വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥാപനങ്ങളിലും രൂപപ്പെടുന്ന അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ച് ,തരം തിരിച്ച് , സംഭരിച്ച് പുനരുപയോഗത്തിനും പുനചക്രമണത്തിനും കൈമാറുന്നതിനും മാലിന്യ സംസ്കരണ സംരംഭം മാതൃകയിൽ നടപ്പാക്കുന്നതിനും വേണ്ടി കുടുംബശ്രീയുടെ മേൽ നോട്ടത്തിൽ ഹരിത കർമ്മ സേന പ്രവർത്തിച്ചു വരുന്നു.

അടിസ്ഥാന വിവരങ്ങൾ

പതിനാല് വാർഡുകൾ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 20361ആണ്. 5747വീടുകളും 413 വാണിജ്യ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. എല്ലാ വീടുകളിലും വാണിജ്യ സ്ഥാപനങ്ങളിലും വാതിൽപ്പടി സേവനം ഉറപ്പാക്കിയിട്ടുണ്ട്. നിലവിൽ 23 ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. എല്ലാ വാർഡുകളിൽ നിന്നും ഹരിത കർമ്മ സേനാംഗങ്ങൾ ഉൾപ്പെട്ടിട്ടില്ല. 8, 11 വാർഡുകളിൽ നിന്നും ഹരിതകർമ്മ സേനാംഗങ്ങൾ ഇല്ല.

<u>മാലിന്യ ശേഖരണ കാര്യക്ഷമത</u>

മാലിന്യ ശേഖരണം ശുചിത്വമിഷന്റെ കലണ്ടർ പ്രകാരമാണ് മാലിന്യ ശേഖരണം നടന്നുവരുന്നത്.

എന്നാൽ ചില്ല്, റബ്ബർ മുതലായ സാധനങ്ങൾ ഗ്രാമപഞ്ചായത്തിൽ ശേഖരിക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഹരിതകർമ്മ സേനാ യൂസർഫീ കാർഡ് നിർബന്ധമാക്കിയിട്ടില്ല. യൂസർ ഫീ നൽകുന്നതിൽ കുടിശ്ശിക വരുത്തിയവരിൽ നിന്നും വസ്തുനികുതി കുടിശ്ശികയായി തുക ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ല. മാലിന്യം നിർമാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തിനായി ജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനും യൂസർഫീ ഈടാക്കുന്നതിനും കാര്യക്ഷമമായ പ്രവർത്തനം ഗ്രാമപഞ്ചായത്ത് നടത്തേണ്ടതുണ്ട്. മാലിന്യ സംസ്കരണം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ പഞ്ചായത്ത് തലത്തിൽ നടത്തി വരുന്നുണ്ടെങ്കിലും കാര്യക്ഷമമായ സമീപനം ഈ വിഷയത്തിൽ ആവശ്യമായി കാണുന്നു.

<u>മാലിന്യ വേർതിരിവ് പാലിക്കൽ</u>

മാലിന്യങ്ങൾ ഉറവിടത്തിൽ നിന്നും തരംതിരിച്ച് ശേഖരിക്കുന്നതിന് വ്യത്യസ്ത നിറത്തിലുള്ള ചാക്കുകൾ ഉപയോഗിക്കുന്നില്ല. ആപത്കരമായ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും ശേഖരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾക്കായി വാർഡ് 14 സുനാമി കോളനിയിൽ Aerobic Compost Unit സ്ഥാപിച്ചിട്ടുണ്ട്.

<u>റീ സൈക്ലിംഗ്</u>

പൊതു ഇടങ്ങളിലും ജലസ്രോതസ്സുകളിലും വലിച്ചെറിയുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തികൾ പഞ്ചായത്ത് നടത്തിയിട്ടില്ല. കുപ്പികൾ ശേഖരിക്കുന്നതിനായി ബോട്ടിൽ ബൂത്തുകൾ

സ്ഥാപിച്ചിട്ടില്ല. ബോധവത്കരണ ക്ലാസുകളിലൂടെ പുനരുപയോഗസാദ്ധ്യമായ വസ്തുക്കൾ ഉപയോഗിക്കുന്നതിന് ജനങ്ങളെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

<u>കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>

മാലിന്യ സംസ്കരണം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ പഞ്ചായത്ത് തലത്തിൽ നടത്തിയിട്ടുണ്ട്.

മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ പ്രത്യേക വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഹരിത ചട്ട ലംഘനങ്ങളുടെ പിഴയായി 51000രൂപ ഈടാക്കിയിട്ടുണ്ട്.

<u>തൊഴിൽ സൃഷ്ടിക്കൽ</u>

പതിനാല് വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 23 ഹരിത കർമ്മ സേനാംഗങ്ങളാണുള്ളത്. 8,11 വാർഡുകളിൽ നിന്ന് ഹരിതകർമ്മസേനാംഗങ്ങൾ ഇല്ല. എം.സി.എഫിന്റെ സ്ഥലപരിമിതി മൂലം മാലിന്യം വേർതിരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. സേനാംഗങ്ങളുടെ വരുമാന വർദ്ധനവിനായി ജൈവവളം ഉത്പാദിപ്പിക്കുന്ന സംരംഭങ്ങൾ തുടങ്ങിയ സംവിധാനങ്ങളൊന്നും ഗ്രാമ പഞ്ചായത്തിലില്ല.

ഹരിത കർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്ന ശരാശരി വേതനം 7000 രൂപയാണ്. മാസവരുമാനം 10000 രൂപയെങ്കിലും ഉറപ്പാക്കുന്നതിന് യൂസർ ഫീ കളക്ഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>അടിസ്ഥാന സൗകര്യ വികസനം</u>

മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സ്ഥലപരിമിതി മൂലം മാലിന്യങ്ങളുടെ തരംതിരിക്കൽഎം.സി.എഫിൽ നടക്കുന്നില്ല. വാർഡ് മൂന്നിൽ പുതിയ എം.സി.എഫ് നിർമിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിരുന്നെങ്കിലും നടപ്പാക്കിയിട്ടില്ല. പത്ത് വാർഡുകളിൽ മാത്രമാണ് മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുള്ളത് മാലിന്യശേഖരണത്തിനായി ഗ്രാമപഞ്ചായത്തിന് ജില്ലാ പഞ്ചായത്തിൽ നിന്നും ഒരു E-Cart ലഭിച്ചിട്ടുണ്ട്.

എം.സി.എഫിലെ ഷ്രെഡിംഗ് മെഷീൻ പ്രവർത്തന രഹിതമാണ്. എം.സി.എഫിൽ ബെയിലിംഗ് മെഷീൻ ഇല്ല. അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സോർട്ടിംഗ് ടേബിൾ , കൺവെയർ ബെൽറ്റ്, ടിപ്പിംഗ് ഏരിയ എന്നിവ സ്ഥാപിച്ചിട്ടില്ല.






ഹരിത കർമ്മ സേനയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിവിധ

പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അതിലൂടെ സുരക്ഷാ ഉപകരണങ്ങൾ, യൂണിഫോം, ഗം ബൂട്ട്, കൈയുറ, സ്മാർട്ട് ഫോൺ, എന്നിവ നൽകിയിട്ടുണ്ട്. ഹരിത മിത്രം ആപ്പിന്റെ പ്രവർത്തനത്തിന് ആവശ്യമായ QRകോഡ് പതിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പാഴ്വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി സാമ്പത്തിക വർഷം ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഹരിത സഹായ സ്ഥാപനങ്ങളെ നിയമിച്ചിട്ടില്ല.

മറ്റ് വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് മിനി എം.സി.എഫിലേയ്ക്കും പിന്നീട് എം.സി.എഫ് ലേയ്ക്ക് എത്തിക്കുകയാണ് ചെയ്തു വരുന്നത്.

2023-24 സാമ്പത്തിക വർഷം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|---|
| 1 | 150/24 | ഗ്രാമപഞ്ചായത്തിലെ വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ ആർ കോഡ് സ്ഥാപിച്ചതിന് വേതനം നൽകൽ | 91410 |
| 5 | 200/24 | ക്ലീൻ കേരള കമ്പനിയ്ക്ക് ലെഗസി വേസ്റ്റ് കൈമാറൽ | 369450 |

<u>പാരിസ്ഥിതിക ആഘാതം</u>

മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനായി

വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. 6 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

പരിശീലനവും വികസനവും

സേനാംഗങ്ങൾക്ക് ഐ ആർ ടി സി, കില, കെൽട്രോൺ എന്നിവരുടെ ആഭിമുഖ്യത്തിൽ പരിശീലനം നല്കിയിട്ടുണ്ട്.

നിയമങ്ങൾ പാലിക്കൽ

2016ലെ ഖരമാലിന്യ ചട്ടങ്ങൾ, ആപത്ക്കരമായ മാലിന്യം, ബയോ മെഡിക്കൽ മാലിന്യം എന്നിവയുടെ ശേഖരണവും സംഭരണവുമായി ബന്ധപ്പെട്ട 16.05.2022ലെ സ.ഉ.(സാധാ) നം. 1227/22/LSGD ഉത്തരവ്, പൊതുയിടങ്ങളിലേയും ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളടങ്ങിയ 26.04.2023ലെ ജി.ഒ.(ആർ.ടി) നം. 922/2023 എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്, യൂസർ ഫീ പിരിക്കുന്നതുമായി ബന്ധപ്പെട്ട സ.ഉ.(സാധാ) നം. 789/2023/തസ്വഭവ തിയ്യതി 31.03.2023, 100% വാതിൽപ്പടി മാലിന്യ ശേഖരണവും എം.എസി.എഫ്, മിനി എം.സി.എഫ് എന്നിവയുടെ സ്ഥാപനവുമായി ബന്ധപ്പെട്ട സ.ഉ.(സാധാ) നം. 1068/2023/തസ്വഭവ തിയ്യതി 20.05.2023 എന്നീ ചട്ടങ്ങളും ഉത്തരവുകളും പ്രകാരമാണ് ഗ്രാമ പഞ്ചായത്തിൽ മാലിന്യ ശേഖരണവും സംഭരണവും കൈമാറലും നടന്നു വരുന്നതെങ്കിലും പൂർണ്ണതോതിലുള്ള ലക്ഷ്യപ്രാപ്തി ഇനിയും കൈവരിക്കുവാനായിട്ടില്ല. പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടില്ല. ആപത്കരമായ മാലിന്യം , ബയോ മെഡിക്കൽ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിനായിട്ടില്ല.

എം.സി.എഫിലെ സ്ഥല പരിമിതി മൂലം പ്ലാസ്റ്റിക്ക് കവർ ഒഴികെയുള്ള മറ്റ് മാലിന്യങ്ങൾ ശേഖരിക്കുവാൻ ഹരിത കർമ്മ സേനയ്ക്ക് ആയിട്ടില്ല.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം.

അടിസ്ഥാന സൗകര്യങ്ങളുടെ കുറവും മാലിന്യശേഖരണത്തിൽ മുഴുവൻ കുടുംബങ്ങളുടെ സഹകരണം ഉറപ്പാക്കാനാകത്തതും ഹരിതകർമ്മസേന നേരിടുന്ന പ്രധാന പരിമിതികളാണ്.

എം സി എഫ്- അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| എ) എം സി എഫ്, മിനി എം സി എഫ് എന്നിവകളുടെ എണ്ണം (വേർതിരിച്ച്). | എം സി എഫ്-1, മിനി എം സി എഫ്-10 |
| ബി) എം സി എഫുകളിലെ അടിസ്ഥാന സൗകര്യങ്ങൾ (വാഷിംഗ് & ബാത്തിംഗ് ഏരിയ, മുതലായവ). | ഉണ്ട് |
| സി) എം സി എഫുകളിൽ അഗ്നിശമന സംവിധാനം ഒരുക്കിയിട്ടുണ്ടോ? | ഉണ്ട് |
| ഡി) മറ്റ് യന്ത്രസംവിധാനങ്ങൾ ( ബെയിലിംഗ്, ഷ്രഡ്ഡിംഗ് യൂണിറ്റുകൾ). | ഇല്ല |
| ഇ) കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി എം സി എഫിന് | ഇല്ല |

| | |
|---|---|
| സ്ഥലവിസ്തൃതിയുണ്ടോ? | |
| എഫ്) എം സി എഫുകളിൽ ടിപ്പിംഗ് ഏരിയ, സ്റ്റോറേജ് എരിയ, സോർട്ടിംഗ് ഏരിയ, മെഷീൻ ഏരിയ, അന്തിമ സംഭരണ ഏരിയ എന്നിവയുണ്ടോ? ഉണ്ടെങ്കിൽ ആകെ വിസ്തൃതിയുടെ എത്ര ശതമാനം വീതം. | പ്രത്യേകമായി വേർതിരിച്ചിട്ടില്ല. |
| ജി) അന്തിമ സംഭരണ ഏരിയയിൽ അജൈവ മാലിന്യം എത്ര ദിവസം സൂക്ഷിക്കാനാകും | - |
| എച്ച്) എം സി എഫിൽ ശുചിത്വം, ശുചിത്വ മാനദണ്ഡങ്ങൾ പാലിയ്ക്കുന്നോ<br>1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 20.05.2023 ലെ സ.ഉ (സാധാ) നം.1068/2023 | ഉണ്ട് |

